**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടർ (എ&റ്റി) യുടെ നടപടിക്രമം**

---

വിഷയം:- ആവഡ-ആരോഗ്യ വകുപ്പിൽ 01.08.2017 മുതൽ 31.12.2022 വരെയുള്ള കാലയളവിലെ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1 ജീവനക്കാരുടെ പ്രാഥമിക സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു-

പരാമർശം:- 1. സർക്കുലർ നമ്പർ ആ.വ.ഡ/17332/2024/ഇ.എസ്5 തിയതി 27.07.2024

**ഉത്തരവ് നം: ആ.വ.ഡ/ 17332/2024/ ഇ.എസ്5 തീയതി:** 17-01-2025

---

ആരോഗ്യവകുപ്പിൽ 01.08.2017 മുതൽ 31.12.2022 വരെയുള്ള ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1 ജീവനക്കാരുടെ സീനിയോറിട്ടി പട്ടിക തയ്യാറാക്കുന്നതിന് പ്രസ്തുത കാലയളവിൽ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരുടെ സേവനവിവരങ്ങൾ മേൽ പരാമർശം (1) പ്രകാരം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരോടും ആവശ്യപ്പെട്ടിരുന്നു. അപ്രകാരം ലഭിച്ച സേവനവിവരങ്ങൾ വിശദമായി പരിശോധിച്ച് 01.08.2017 മുതൽ 31.12.2022 വരെയുള്ള കാലയളവിൽ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1 തസ്തികയിൽ നിലവിൽ സേവനത്തിൽ തുടരുന്ന ജീവനക്കാരുടെ പ്രാഥമിക സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. പ്രാഥമിക സീനിയോറിട്ടി പട്ടിക അനുബന്ധമായി ചേർക്കുന്നു.

പ്രസ്തുത സീനിയോറിട്ടി പട്ടികയിൽമേൽ പേര്, പെൻ, ജനനതിയ്യതി, പട്ടികയിലെ സ്ഥാനം,വിദ്യാഭ്യാസയോഗ്യത,മറ്റുകറക്ഷനുകൾ എന്നിവ സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം ഈ സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ നിശ്ചിത പ്രൊഫോർമയിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഉചിതമാർഗ്ഗേണ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ ഇക്കാലയളവിൽ ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ്1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ഇനിയും സേവന വിവരങ്ങൾ സമർപ്പിക്കാൻ ഉണ്ടോ എന്ന് പരിശോധിച്ച് ബോധ്യപ്പെടേണ്ടതും , ഉണ്ടെങ്കിൽ ടി ജീവനക്കാരുടെ പ്രൊഫോർമ സഹിതം , ഇനി ആരേയും ഇക്കാലയളവിലെ ജെ.പി.എച്ച് .എൻ ഗ്രേഡ് 1 സീനിയോറിട്ടി പട്ടികയിൽ ഈ സ്ഥാപനത്തിൽ നിന്ന് ഉൾപ്പെടുത്താനില്ല എന്ന ആമുഖ കത്ത് സഹിതം അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

ഈ സീനിയോറിട്ടി പട്ടികയിൽ ഉൾപ്പെട്ട ഏതെങ്കിലും ജീവനക്കാർ ദീർഘകാല ശൂന്യാവധി, ജൂനിയർ പബ്ളിക്ക് ഹെൽത്ത് നേഴ്സ് ഗ്രേഡ് 1 സ്ഥാനക്കയറ്റം ലഭിക്കുന്നതിനു മുൻപായി അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയിട്ടുണ്ടോ തുടങ്ങിയ വസ്തുതകൾ പരിശോധിച്ച് വിശദാംശങ്ങൾ അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ആയതിൻപ്രകാരം പരാതികളോ, കോടതി വ്യവഹാരങ്ങളോ ഉണ്ടാകുന്ന മുറയ്ക്ക് ഈ വസ്തുതകൾ വെളിപ്പെടുത്താതെ സീനിയോറിറ്റി പട്ടികയിൽ ഏതെങ്കിലും വിധത്തിലുള്ള അപാകതകൾ ഉണ്ടായാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കായിരിക്കും. അന്തിമ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം വരുന്ന ഒരു റപ്രസന്റേഷനുകളും പിന്നീട് സ്വീകരിക്കുന്നതല്ല. അപ്പീലുകൾ യഥാസമയം ലഭ്യമാക്കാതെ സീനിയോറിറ്റി പട്ടികയിൽ സ്ഥാനം നഷ്ടപ്പെടുന്നതിന്റെ പൂർണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിക്ഷിപ്തമായിരിക്കും എന്ന വിവരം അറിയിക്കുന്നു.

**Signed by Jayasree V**
**Date: 17-01-2025 13:21:13**

DR. JAYASREE V
ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:-

1.എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും( ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ്:-

1. എല്ലാ കീഴ് സ്ഥാപന മേധാവികൾക്കും ( ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈററ് മുഖേന)
2. വ്യക്തികൾക്ക് ( ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്മുഖേന )
3. സൂപ്രണ്ട് എഫ്ഡബ്ളിയു എ സെക്ഷൻ
4. ഫയൽ/ കരുതൽ ഫയൽ